Madhyamam 19-09-18,P-13

# പ്രളയത്തെ അതിജീവിച്ച് ചെണ്ടുമല്ലി കൃഷി

● **പൂലാനിയിൽ തൊഴിലുറപ്പ് തൊഴിലാളികളായ അഞ്ച് സ്ത്രീകളുടെ നേതൃത്വത്തിലായിരുന്നു കൃഷി**

**ചാലക്കുടി:** പ്രളയത്തെ അതിജീവിച്ച ചെണ്ടുമല്ലി കൃഷി വിളവെടുപ്പിന് ഒരുങ്ങുന്നു. മേലൂർ പഞ്ചായത്തിലെ പൂലാനിയിൽ തൊഴിലുറപ്പ് തൊഴിലാളികളായ അഞ്ച് സ്ത്രീകളുടെ നേതൃത്വത്തിലായിരുന്നു കൃഷി.

പൂലാനി നിലംപതിയിലെ അംഗൻവാടിക്ക് സമീപം സ്വകാര്യ സ്ഥലത്ത് രാധ പ്രേമൻ, ഓമന അനിൽ, സുനിത ,മേരി സാജു, സിന്ധു സുബ്രഹ്മണ്യൻ എന്നിവർ വളർത്തിയ 200 ചെണ്ടുമല്ലി തൈകൾ വിളവെടുപ്പിന് ഒരുങ്ങി.

ഒരു തൈക്ക് നാലര രൂപ നൽകിയാണ് ഇവർ തൈ വാങ്ങിയത്. വളം ഇവർ തന്നെ വാങ്ങി, നിലം ഒരുക്കുന്നതിന് ചെലവ് തൊഴിലുറപ്പിൻെറ ഭാഗമായി പഞ്ചായത്ത് വഹിച്ചു. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച മേഖലയാണ് പൂലാനി. മഹാപ്രളയത്തിലും കനത്ത മഴയിലും കുറച്ച് തൈകൾ നശിച്ചുപോയി.



പ്രളയത്തെ അതിജീവിച്ച ചെണ്ടുമല്ലി തോട്ടം

എങ്കിലും ഭൂരിഭാഗവും പ്രളയത്തെ അതിജീവിച്ച് പ്രതീക്ഷയുടെ നിറവും സുഗന്ധവും പരത്തി. പഞ്ചായത്ത് പ്രസിഡൻറിനെ കൊണ്ട് വിളവെടുപ്പ് ഉദ്ഘാടനം ചെയ്യിക്കാനിരിക്കുകയാണ് ഇവർ.